**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - പി.എസ്.സി നിയമന പരിശോധന - ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ - നടപ്പാക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്**

സ.ഉ (കൈ)നം. 7/2020-ഉഭപവ തിരുവനന്തപുരം, തീയതി 11.06.2020.

==================================================================

പരാമർശം:- 1. 14.12.2010 ലെ സ.ഉ.(പി)നം.41/2010/ഉഭപവ നമ്പർ ഉത്തരവ്.

2. 06.06.2011 ലെ സ.ഉ.(പി)നം.15/2011/ഉഭപവ നമ്പർ ഉത്തരവ്.

3. 30.06.2011 ലെ സ.ഉ.(പി)നം.20/2011/ഉഭപവ നമ്പർ ഉത്തരവ്.

4. കേരള പി.എസ്.സി സെക്രട്ടറിയുടെ 22.01.2020-ലെ AA &VWI(1)185180/19/GW നമ്പർ കത്ത്.

## ഉത്തരവ്

പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്ന എല്ലാ നിയമനങ്ങളും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന് പുറമെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിന് ശേഷമേ റെഗുലറൈസ് ചെയ്യാവൂ എന്ന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിയിരുന്നു.

2. പരാമർശം (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം സർവ്വീസിൽ പ്രവേശിച്ച ഒരാഴ്ചയ്ക്കകം സേവന പുസ്തകം തുറക്കേണ്ടതും പ്രസ്തുത സേവന പുസ്തകത്തിലെ പേരും മേൽവിലാസവും വിരലടയാളവും ഒപ്പം പേർസണൽ ഐഡന്റിഫിക്കേഷൻ മാർക്ക്സും ഉൾപ്പെടുന്ന പുറങ്ങളുടെ പകർപ്പ് നിയമനാധികാരി സാക്ഷ്യപ്പെടുത്തി പബ്ലിക് സർവ്വീസ് കമ്മീഷനു അയയ്ക്കേണ്ടതാണെന്നും, സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥിയുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുകയും, പിന്നീട് ടിയാൻ സർവ്വീസിൽ പ്രവേശിക്കുമ്പോൾ സേവനപുസ്തകത്തിലെ ഫോട്ടോയും ഉദ്യോഗാർത്ഥിയെയും ബയോമെട്രിക് രീതിപ്രകാരം ഒത്തുനോക്കേണ്ടതാണ് എന്നും നിർദ്ദേശം നൽകിയിരുന്നു.

3. ഒറ്റത്തവണ പരിശോധന (വൺ ടൈം വെരിഫിക്കേഷൻ), നിയമന പരിശോധന (സർവീസ് വെരിഫിക്കേഷൻ), ഓൺലൈൻ പരീക്ഷകൾ, അഭിമുഖം (ഇന്റർവ്യൂ) എന്നിവ നടത്തുന്ന സമയത്ത് ആധാർ ലിങ്ക് ചെയ്ത് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴി ഉദ്യോഗാർഥികളുടെ/ജീവനക്കാരുടെ ഐഡന്റിറ്റി പരിശോധിക്കേണ്ടതുണ്ട്. നിയമന പരിശോധനയ്ക്ക് ഹാജരാകുന്ന ജീവനക്കാർ അവരുടെ ഒറ്റത്തവണ രജിസ്ട്രേഷൻ (വൺ ടൈം രജിസ്ട്രേഷൻ) പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്തതിനു ശേഷം മാത്രം നിയമന പരിശോധന നടത്തുന്ന കാര്യം സർക്കാരുമായി ആലോചിച്ച് നടപ്പിലാക്കുവാനും പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അത്തരത്തിൽ, വൺ ടൈം രജിസ്ട്രേഷൻ വഴി പ്രൊഫൈൽ ഉണ്ടാക്കിയിട്ടുള്ള

ജീവനക്കാർ അവരുടെ പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്താൽ മാത്രമേ eKYC അനുസരിച്ച് അവരുടെ നിയമന പരിശോധന നടത്തുവാൻ സാധിക്കുകയുള്ളുവെന്നും. അതിനാൽ വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈൽ വഴി അപേക്ഷ സമർപ്പിച്ച ജോലിയിൽ പ്രവേശിച്ച് ഇതിനകം നിയമന പരിശോധന പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥരും, പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകവും അവരുടെ പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്യുവാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്നും സൂചന (4) കത്തിലൂടെ പി.എസ് . സി സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആധാർ അധിഷ്ഠിത ബയോമെട്രിക് വെരിഫിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നത് പി.എസ്.സി നിയമനങ്ങളുടെ സുതാര്യത വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നതാണ്.

5. മേൽ സാഹചര്യത്തിൽ, **വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈൽ വഴി അപേക്ഷ സമർപ്പിച്ച ജോലിയിൽ പ്രവേശിച്ച് ഇതിനകം നിയമന പരിശോധന പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥരും, പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ അവർ ജോലിയിൽ പ്രവേശിച്ച് ഒരു മാസത്തിനകവും അവരുടെ പി.എസ്.സി വൺ ടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്യേണ്ടതാണെന്നും, ഇക്കാര്യം ബന്ധപ്പെട്ട നിയമനാധികാരികൾ ഉറപ്പ് വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

ഗവർണറുടെ ഉത്തരവിൻപ്രകാരം

**കെ.ഗോപാലകൃഷ്ണ ഭട്ട്**

**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും,
സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും,
എല്ലാ സെക്ഷനുകൾക്കും ( കീഴിൽ വരുന്ന, പി.എസ്.സി. മുഖാന്തിരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/മേധാവികളെ അറിയിക്കുന്നതിനായി)
എല്ലാ വകുപ്പ് മേധാവികൾക്കും / നിയമനാധികാരികൾക്കും, ജില്ലാ കളക്ടർമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി (ആമുഖ കത്തു സഹിതം)
കമ്മീഷണർ, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ( ആമുഖകത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
അഡ്വക്കേറ്റ്ജനറൽ,കേരളം,എറണാകുളം/തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തു സഹിതം)
വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്
(വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് ആയ www.pard.kerala.gov.in -ൽ ഉൾപ്പെടുത്തുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നമ്പർ 127/20/E1/DP. തീയതി. 29.6.2020

ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി എല്ലാ ശാഖാകാര്യാലയ മേധാവികൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നൽകുന്നു.